# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 7478

14.07.2014-ൽ മറുപടിയ്ക്ക്

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് വിഭജനം

| ചോദ്യം<br>ശ്രീ. എ.കെ. ബാലൻ | | മറുപടി<br>ഡോ.എം.കെ.മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) | |
|---|---|---|---|
| എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് വിഭജനം 20 വർഷത്തിലൊരിക്കലേ പാടുള്ളൂ എന്ന് സർക്കാർ തീരുമാനിച്ചിട്ടു ണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ; | എ), ബി), സി) & ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് വിഭജനം 20 വർഷത്തിലൊരിക്കലേ പാടുള്ളൂ എന്ന നാലാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ രണ്ടാം ഭാഗ റിപ്പോർട്ടിലെ 17.37-ാം നമ്പർ ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം 6, 7, 8, 9 വകുപ്പുകൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളി ലേക്കുള്ള തെരഞ്ഞെടുപ്പിന് മുന്നോടിയായി സംവരണ വാർഡുകൾ പുതുക്കി നിശ്ചയിക്കേണ്ടതാണ്. |
| ബി) | ഈ ഉത്തരവിന് ഭേദഗതി വരുത്തി വാർഡ് വിഭജനം നടത്താൻ തീരുമാനിച്ചിട്ടു ണ്ടോ; | | |
| സി) | എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | |
| ഡി) | ഈ ഭേദഗതി വരുത്താനുള്ള കാരണം വ്യക്തമാക്കുമോ ; | | |
| ഇ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഡീലിമിറ്റേഷൻ കമ്മിറ്റികൾ പ്രവർത്തിക്കുന്നു ണ്ടോ; എങ്കിൽ അവരുടെ ശുപാർശ പ്രകാരമാണോ വാർഡു വിഭജനം നടത്തുന്നത്; | ഇ) | ഇല്ല. |
| എഫ്) | ഡീലിമിറ്റേഷൻ കമ്മിറ്റിയുടെ ഉത്തരവാദിത്വങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | എഫ്) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ